# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1583 — 10/02/2020-ൽ മറുപടിയ്ക്ക്

### ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകളാണ് നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ; | എ) | സംസ്ഥാനത്ത് ലൈഫ് പദ്ധതയിൽ ഉൾപ്പെടുത്തി നിലവിൽ 240770 വീടുകളാണ് നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്. |
| ബി) | 2020 ജനുവരി മാസം വരെ എത്ര വീടുകൾ പൂർത്തിയായെന്നും, ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വീടുകൾ എത്രയാണെന്നും അറിയിക്കാമോ; | ബി) | ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവിഷ്കരിച്ച ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി 173906 വീടുകൾ പൂർത്തിയായിട്ടുണ്ട്. 66864 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| സി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | സി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളുടെ പ്രവൃത്തി നടപ്പ സാമ്പത്തികവർഷം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) | സംസ്ഥാനത്തെ വീടില്ലാത്തവർക്കായി എത്ര ഫ്ലാറ്റ് സമുച്ചയങ്ങളാണ് സർക്കാർ നിർമ്മിക്കാനുദ്ദേശിക്കുന്നത്; ഓരോന്നിന്റെയും നിർമ്മാണ പുരോഗതി അറിയിക്കാമോ? | ഡി) | ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി നിലവിൽ 85 ഭവന സമുച്ചയങ്ങളുടെ നിർമ്മാണമാണ് ലക്ഷ്യമിടുന്നത്. എല്ലാ ജില്ലകളിലും ലൈഫ് മിഷന്റെ നേതൃത്വത്തിൽ പൈലറ്റായി നിർമ്മിക്കുന്ന 14 ഭവനസമുച്ചയങ്ങൾക്കും, 2 സുനാമി ഫ്ളാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മലപ്പുറം |

| | | | |
|---|---|---|---|
| | | | ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി ലൈഫ് മിഷന്റെ സഹായത്തോടുകൂടി ബനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ (ബി.എൽ.സി മാതൃകയിൽ ഭവന സമുച്ചയ നിർമ്മാണം ഇതിനോടാകം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ വരുന്ന രാമേശ്വരം വില്ലേജിൽ ലൈഫ് മിഷന്റെ സഹായത്തോടുകൂടി ജി.സി.ഡി.എയുടെ മേൽനോട്ടത്തിൽ നിർമ്മിക്കാനുള്ള ഭവനസമുച്ചയ നിർമ്മാണത്തിന്റെ നടപടികൾ പുരോഗമിക്കുന്നു. തൃശ്ശൂർ ജില്ലയിൽ റെഡ് ക്രസന്റിന്റെ സഹായത്തോടുകൂടി (സ്പോൺസർഷിപ്പ്) വടക്കാഞ്ചേരി നഗരസഭയിൽ 140 അപ്പാർട്ടുമെൻറുകളടങ്ങിയ ഭവനസമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന കരിമഠം കോളനിയിൽ നിലവിൽ കോർപ്പറേഷൻ നിർമ്മിച്ചുനൽകിയിട്ടുള്ള മാതൃകയിൽ ഒരു ഭവനസമുച്ചയം ലൈഫ് മിഷൻ സഹായത്തോടുകൂടി നിർമ്മിച്ചു നൽകുന്നതിനുള്ള പ്രാരംഭനടപടിയിലാണ്. ബാക്കിയുള്ള 10 ജില്ലകളെ മൂന്ന് റീജിയണുകളായി തരംതിരിച്ച് (കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് (റീജിയൺ 1), പാലക്കാട്, ഇടുക്കി, കോട്ടയം (റീജിയൺ 2), ആലപ്പുഴ, പത്തനംതിട്ട, കൊല്ലം (റീജിയൺ 3)) ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനായി പ്രീഫാബ് (Light Gauge Steel Frame Plus Pre Engineered Building) സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. കാസഗോഡ്, കണ്ണൂർ ജില്ലകളിൽ പ്രാരംഭ പണികൾ |

| | | | | |
|---|---|---|---|---|
| | | | | ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ പൈലറ്റായി ഒരു ഭവനസമുച്ചയം ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.<br>സഹകരണവകുപ്പിന്റെ കെയർഹോം പദ്ധതിയിലൂടെയും 14 ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ടി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളുടെ പരിശോധനകൾ നടന്നുവരികയാണ്. ഇതിനുപുറമെ കണ്ടെത്തിയ 56 സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള 38 സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സർവ്വേ നടപടികൾ, ഡി.പി.ആർ തയ്യാറാക്കൽ തുടങ്ങിയവ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ